ഭരണഭാഷ-മാതൃഭാഷ

നം.ക്യൂ.ഐ.പി.(2)/37974/2018/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 06..06..2018.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - ഊർജ്ജ സംരക്ഷണ അവബോധം സ്കൂൾ കുട്ടികളിലൂടെ - സ്മാർട്ട് എനർജി പ്രോഗ്രാം -2018-19-സംബന്ധിച്ച്--

സൂചന:- 29-05-2018-ലെ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ കത്ത് നം.EMC/88/2018-IM (ETR).

കേരള സർക്കാരിന്റെയും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെയും സഹകരണത്തോടെ എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനം യു.പി. സ്കൂളുകളിലും ഹൈസ്കൂളുകളിലും നടപ്പിലാക്കുന്ന പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം (എസ്.ഇ.പി.). കുട്ടികളിൽ ഊർജ്ജ സംരക്ഷണം ദിനചര്യയുടെ ഭാഗമാക്കുക എന്നതാണ് എസ്.ഇ.പി.യുടെ പ്രധാന ലക്ഷ്യം. എസ്.ഇ.പി.യുടെ കീഴിൽ വിദ്യാർത്ഥികൾക്കായി ഊർജ്ജ സംരക്ഷ ബോധവൽക്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ എന്നിവ കൂടാതെ ഊർജ്ജ ക്വിസ്, കാർട്ടൂൺ, ചിത്രരചന, ഉപന്യാസം എന്നീ മത്സരങ്ങളും സംഘടിപ്പിക്കുന്നതാണ്. എസ്.ഇ.പി.യുടെ കോർഡിനേറ്റർമാർ സ്കൂളുകൾ സന്ദർശിക്കുകയും പരിപാടികളുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ അതാത് സ്കൂളുകളിലെ സയൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കാവുന്നതാണ്. വളർന്നു വരുന്ന ഒരു തലമുറയെ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയിൽ ബോധവാൻമാരാക്കുക വഴി അത് നമുക്കും, നാടിനും, രാജ്യത്തിനുമെല്ലാം ഗുണം ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പി.റ്റി.എ. യുടെയും സഹകരണത്തോടെ പദ്ധതി നടപ്പിലാക്കിയാൽ കാലാവസ്ഥാ വ്യതിയാനം പോലുള്ള വിപത്തുകളിൽ നിന്നും നാടിനെ രക്ഷിക്കാൻ കഴിയും. കാർബൺ ന്യൂട്രൻ സ്കൂളുകൾ എന്നതും പദ്ധതിയുടെ ഇക്കൊല്ലത്തെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്.

സ്മാർട്ട് എനർജി പ്രോഗ്രാം 2018-19, കേരള സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ ഒന്നാണ്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ യു.പി. സ്കൂളുകളിലും ഹൈസ്ക്കൂളുകളിലും അധ്യയനത്തിന് തടസ്സം വരാത്ത രീതിയിൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ആയതിന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ ഒരു ടീച്ചറുടെ സേവനം ലഭ്യമാക്കുകയും, സ്കൂളുകൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കേണ്ടതുമാണ്.

ജിമ്മി.കെ. ജോസ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4) എല്ലാ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)